**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2643** **19.02.2016 ലെ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) 2011-12 മുതൽ 2015-16 അദ്ധ്യായന വർഷം വരെയുള്ള കാലയളവിൽ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി.യിൽ 1:30ഉം യു.പി.യിൽ 1:35ഉം ഹൈസ്കൂളിൽ 1:45ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാമെന്ന ഉത്തരവിലൂടെ സർക്കാർ സ്കൂളുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) നിലവിലുണ്ടായിരുന്ന പല എൽ.പി., യു.പി., എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളിൽ നിന്നും സ്റ്റാഫ് ഫിക്സേഷന്റെ പേരിലും കോടതിയിൽ കേസുള്ളതിനാലും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ ഇപ്പോൾ സർക്കാർ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപക നിയമനം നടത്തുന്നതിനും അതുവഴി റാങ്ക് ലിസ്റ്റിലുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) യും 29.1.2016 ലെ സ.ഉ. (പി) 29/2016/ പൊവിവ നമ്പർ ഉത്തരവിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സർക്കാർ സ്കൂളുകൾക്കും ബാധകമാണ്.<br><br>(ബി) യും പ്രസ്തുത അനുപാതം അനുസരിച്ച് തസ്തിക നിർണ്ണയം നടക്കുമ്പോൾ ലഭിക്കുന്ന കൂടുതൽ ഒഴിവുകൾ ഭാവിയിൽ പി.എസ്. സി യ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ